


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 10

# വാഗ്ദത്ത ഭൂമിയിൽ



ദൈവജനമായ ഇസ്രായേൽ പലപ്പോഴും ദൈവത്തെ ധിക്കരിച്ചു. ദൈവം അവരെ ശിക്ഷിച്ചു. അവിടുന്ന് അരുളിചെയ്തു:

"നിങ്ങളുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ടു നിങ്ങളുടെ മക്കൾ 40 വർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും........... 40 വർഷത്തേയ്ക്കു നിങ്ങളുടെ അകൃത്യത്തിനു നിങ്ങൾ പ്രായശ്ചിത്തം ചെയ്യണം' (സംഖ്യ 14:33–34).

# മോശയുടെ മരണം

കർത്താവ് ഒരിക്കൽ ജെറീക്കോയുടെ എതിർവശത്തു സ്ഥിതിചെയ്യുന്ന നെബു മലയുടെ മുകളിലേയ്ക്ക് മോശയെ വിളിച്ച്, വാഗ്ദത്തദേശം കാണിച്ചുകൊണ്ടു പറഞ്ഞു:

"നിന്റെ സന്തതികൾക്കു നല്കുമെന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ഞാൻ ശപഥം ചെയ്ത ദേശമാണിത്. ഇതു കാണാൻ ഞാൻ നിന്നെ അനുവദിച്ചു. എന്നാൽ നീ ഇതിൽ പ്രവേശിക്കുകയില്ല". (നിയമാവർത്തനം 34:4.)

മോശയെപ്പോലെ കർത്താവ് മുഖാഭിമുഖം സംസാരിച്ച മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ പിന്നീട് ഉണ്ടായിട്ടില്ല.

# ജോഷ്വായുടെ നേതൃത്വം

- മോശയുടെ പിൻഗാമിയായി ജോഷ്വ.
- നൂനിന്റെ പുത്രൻ.
- ജ്ഞാനത്തിന്റെ ആത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു.
- ജനം അവന്റെ വാക്കു കേൾക്കുകയും കർത്താവ് അവനെ നയിക്കുകയും ചെയ്തു.

# വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുന്നു

- ഇസ്രായേൽജനം യാത്രയുടെ അന്ത്യത്തിൽ മൊവാബ് എന്ന സ്ഥലത്തെത്തി.
- കർത്താവ് അരുളിച്ചെയ്തതുപോലെ ജനങ്ങൾക്കു മുമ്പേ പുരോഹിതന്മാർ വാഗ്ദാനപേടകം വഹിച്ചു കൊണ്ടു യാത്രയായി.
- പുരോഹിതൻമാർ ജലത്തെ സ്പർശിച്ച നിമിഷം തന്നെ ഒഴുക്കു നിലച്ചു. ജോർദ്ദാൻ നദിയിൽ വരണ്ട ഭൂമി കാണപ്പെട്ടു.

# സ്മാരകശിലകൾ സ്ഥാപിക്കുന്നു

ജനം ജോർദ്ദാൻ നടന്നുകഴിഞ്ഞപ്പോൾ ദൈവം ജോഷ്വായോടു നിർദ്ദേശിച്ചതനുസരിച്ചു ജോർദ്ദാനിൽനിന്നു ശേഖരിച്ച 12 കല്ലുകൾക്കൊണ്ട് അവർ ദൈവത്തിന് ഒരു സ്മാരകമുണ്ടാക്കി.

ഈ സ്ഥലത്തിനു ഗിൽഗാൽ എന്ന പേര് ലഭിച്ചു..

# കാനാൻദേശം കീഴടക്കുന്നു

- ജറീക്കോ എന്ന പട്ടണമാണ് അവർ ആദ്യം കീഴടക്കിയത്.
- ജറിക്കൊ അത്ഭുതകരമായ വിധത്തിൽ കീഴടക്കാൻ ദൈവം ഇസ്രായേൽക്കാരെ സഹായിച്ചു.
- കാനാൻദേശത്തെ ഓരോ പട്ടണവും ഇസ്രായേൽക്കാർ കീഴടക്കി.
- ജോഷ്വ 12 ഗോത്രങ്ങൾക്കായി ഭാഗിച്ചുകൊടുത്തു.
- തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നതു ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ നാട് എന്നാണ്.
- ഈജിപ്തിലെ അടിമത്തവും കഷ്ടപ്പാടും കഴിഞ്ഞു.

**സ്വന്തം ദേശത്തു ദൈവാനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ കഴിയാം. ഇങ്ങനെ ദൈവസ്നേഹത്തെ അവർ തിരിച്ചറിഞ്ഞു.**

# സ്വർഗ്ഗീയ ജറുസലേം

പുതിയ നിയമ ജനതയും ഒരു തീർത്ഥാടനത്തിലാണ്. സ്നേഹപിതാവായ ദൈവം ഈശോ വഴി വാഗ്ദാനം ചെയ്ത സ്വർഗ്ഗീയ ജറുസലേമിലേക്കു നാം യാത്രചെയ്യുന്നു.

തെറ്റുകൾ ചെയ്തുപോയെങ്കിലും ഇസ്രായേൽ ജനം തങ്ങളുടെ ലക്ഷ്യം മറന്നില്ല. കഷ്ടപ്പാടുകൾക്കുശേഷം അവർ തങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേർന്നു. ഇതാണു നമുക്കു നല്കുന്ന സന്ദേശം



# നമുക്കു പ്രാർത്ഥിക്കാം

**ഇസ്രായേൽജനത്തെ കാനാൻദേശത്ത്
എത്തിച്ച ദൈവമേ സ്വർഗത്തിൽ
എത്തിച്ചേരുവാൻ ഞങ്ങളെയും
സഹായിക്കണമേ**



## നമുക്കു പാടാം

തേനും പാലും തിരതല്ലും
കാനാൻദേശം കാണാതെ
കാഴ്ചകൾ മോശവെടിഞ്ഞല്ലോ
കാലം യവനികവീഴ്ത്തുകയാൽ

ജോഷ്വവരുന്നൊരുനേതാവായ്
ജനനിരതങ്ങീ ഗിൽഗാലിൽ
കാനാൻ ദേശമവർക്കുടനെ
കൈവന്നതിനാലാമോദം!

തീർത്ഥാടകരാണല്ലോ നാം
സ്വാർത്ഥതവിട്ടുചരിക്കുമ്പോൾ
സ്വർഗം ലക്ഷ്യം, മർത്യർക്കാ
കാനാൻ ദേശംസമമെന്നും.

# ദൈവവചനം വായിക്കാം, വിവരിക്കാം

**ഇസ്രായേൽജനം അത്ഭുതകരമായി ജോർദ്ദാൻനദി കടന്നു കാനാൻദേശത്ത് എത്തിയ സംഭവം വിവരിച്ചുപറയുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘കർത്താവാണു നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്നു നിന്നോടുകൂടെ ഉണ്ടായിരിക്കും’**

**(നിയമാവർത്തനം 31: 8)**

# എന്റെ തീരുമാനം

**കാനാൻദേശത്തെ ലക്ഷ്യമാക്കി യാത്രചെയ്ത ഇസ്രായേൽജനത്തെപ്പോലെ ഞാനും സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കും**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവം ഇസ്രയേൽക്കാരെ വാഗ്ദത്ത ഭൂമിയിൽ പ്രവേശിപ്പിച്ചു.

* നമ്മളും സ്വർഗമാകുന്ന വാഗ്ദത്ത ഭൂമിയിൽ എത്തിച്ചേരേണ്ടവരാണ്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* തടസ്സങ്ങളെല്ലാം തട്ടിമാറ്റി ഇസ്രായേൽക്കാരെ കാനാൻ ദേശത്ത് എത്തിച്ച ദൈവത്തെ നാം സ്തുതിക്കണം.

* നമുക്കായി സ്വർഗരാജ്യം വാഗ്ദാനം ചെയ്ത ഈശോയോടു നാം നന്ദിയുള്ളവരായിരിക്കണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സ്വർഗത്തിൽ എത്തിച്ചേരണമെന്ന ലക്ഷ്യത്തോടെ ഞാൻ ജീവിക്കും.




THANK
YOU